**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1940 — 04/11/2019-ൽ മറുപടിക്ക്

## കനോലി കനാലിലെ മലിനീകരണ നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കോഴിക്കോട് നഗരത്തിലെ കനോലി കനാലിലെ മലിനീകരണ നിയന്ത്രണത്തിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കോഴിക്കോട് ഓഫീസ് എന്തെങ്കിലും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. കനോലി കാനലിന്റെ പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ ചേർന്ന് ലാന്റ് യൂസ് സോഷ്യോ - എക്കണോമിക്ക്, എൻവയോൺമെന്റൽ സർവ്വേ നടത്തുകയുണ്ടായി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കോഴിക്കോട് ഓഫീസിലെ ഉദ്യോഗസ്ഥരും, ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരും ചേർന്നാണ് എൻവയോൺമെന്റൽ സർവ്വേ നടത്തിയത്. കനോലി കനാലിലേക്ക് എരഞ്ഞിക്കൽ മുതൽ കല്ലായി വരെ എത്തിച്ചേരുന്ന ഡിസ്ചാർജ്ജ് പോയിന്റുകൾ ആണ് പ്രധാനമായും കണ്ടെത്തിയത്. ചപ്പുചവറുകളും, മലിനജലവും പൊതു ഓടകളിലൂടെ കനാലിലേക്ക് എത്തിച്ചേരുന്നത് കൊണ്ടാണ് കനോലി കനാൽ മലിനമാകുന്നതെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തി. കനോലി കനാലിന്റെ പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കനാൽ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ജില്ലാ ഭരണകൂടം നിർദ്ദേശിച്ച പ്രകാരം, ഒരു ആക്ഷൻ പ്ലാൻ (പ്രൊപ്പോസൽ) ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുള്ള മീറ്റിംഗുകളിൽ ബോർഡിന്റെ കോഴിക്കോട് ഓഫീസ് അവതരിപ്പിച്ചിരുന്നു. |
| (ബി) | എങ്കിൽ ആക്ഷൻ പ്ലാനിൽ പരാമർശിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (ബി) | ആക്ഷൻ പ്ലാനിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പല വകുപ്പുകളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇവ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപന ചുമതല ജില്ലാ ഭരണകൂടത്തിനാണ്. കനാൽ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 27.04.2018 |

| | | | |
|---|---|---|---|
| | | | തീയതിയിൽ കളക്ടറേറ്റിൽ നടന്ന മീറ്റിംഗിൽ വാണിജ്യ സമുച്ചയങ്ങൾ, റസ്റ്റോറന്റുകൾ, വീടുകൾ തുടങ്ങിയവയിൽ നിന്നുമുള്ള മലിനജലം പബ്ലിക്ക് ഡ്രെയിനുകളിലൂടെ കനാലിലേക്ക് എത്തിച്ചേരുന്നത് തടയുന്നതിനായി ടി സ്ഥാപനങ്ങളിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് കളക്ടർ അഭിപ്രായപ്പെട്ടു.<br>നിലവിൽ വ്യവസായങ്ങൾ, ആശുപത്രികൾ, ഉത്തുംഗ പാർപ്പിട സമുച്ചയങ്ങൾ തുടങ്ങിയവയിൽ ഏർപ്പെടുത്തിയിട്ടുള്ള മലിനജല സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നുണ്ട്. ഇതു കൂടാതെ പൊതു ഓടകളിലേക്ക് മലിനജലം ഒഴുക്കിവിടുന്നത് കണ്ടെത്താനായി ഹോട്ടലുകൾ, വാണിജ്യ സമുച്ചയങ്ങൾ തുടങ്ങിയവയിൽ പരിശോധന നടത്തുകയും, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ടി സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശം/നോട്ടീസ്, ബോർഡ് നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | ആക്ഷൻ പ്ലാൻ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | 16.01.2018 ൽ ബഹുമാനപ്പെട്ട കോഴിക്കോട് കോർപ്പറേഷൻ മേയറുടെ ചേമ്പറിൽ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ഒരു മീറ്റിംഗിൽ ജില്ലാ ഭരണ കൂടത്തിന്റെ നിർദ്ദേശ പ്രകാരം കനാൽ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു ആക്ഷൻ പ്ലാൻ/പ്രൊപ്പോസൽ മലിനീകരണ നിയന്ത്രണ ബോർഡ് അവതരിപ്പിച്ചിരുന്നു. അനധികൃത ഡിസ്ചാർജ്ജുകൾ തടയുക, വികേന്ദ്രീകൃത സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഏർപ്പെടുത്തുക, വാണിജ്യ സ്ഥാപനങ്ങൾ, വീടുകൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ ശുദ്ധീകരിച്ച്/സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, ചാലുകൾ കനാലിലേക്ക് ചേരുന്ന ഭാഗങ്ങളിൽ delay pond ഏർപ്പെടുത്തുക, ചാലുകൾ ചേരുന്ന ജംഗ്ഷനിൽ ബാർ സ്ക്രീൻ/ഇന്റർ സെപ്റ്ററുകൾ ഏർപ്പെടുത്തുക, കനാൽ കൃത്യമായ സമയങ്ങളിൽ വൃത്തിയാക്കുക. കനാലിനിരുവശവും vertical screen-കൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് പരിഹാര മാർഗ്ഗമായി അവതരിപ്പിച്ചത്. ഇതിന്റെ തുടർച്ചയായി 27.04.2018 തീയതിയിൽ കളക്ടറേറ്റിൽ നടന്ന കനോലി കനാലുമായി ബന്ധപ്പെട്ട മീറ്റിംഗിൽ വാണിജ്യ സമുച്ചയങ്ങൾ, റസ്റ്റോറന്റുകൾ, വീടുകൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയിൽ നിന്നുമുള്ള മലിനജലം പബ്ലിക്ക് ഡ്രെയിനുകളിലൂടെ കനാലിലേക്ക് എത്തി ചേരുന്നത് തടയുന്നതിനായി ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് കളക്ടർ അഭിപ്രായപ്പെട്ടു. ആക്ഷൻ പ്ലാനിൽ പരാമർശിച്ച പ്രവൃത്തികൾ പല വകുപ്പുകളുമായി ബന്ധപ്പെട്ടിട്ടുള്ളതായതിനാൽ വകുപ്പുകൾക്ക് നിർദ്ദേശം നൽകി, ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നത് ജില്ലാ ഭരണകൂടമാണ്. |

**സെക്ഷൻ ഓഫീസർ**